**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5435** **05-07-2024 - ൽ മറുപടിയ്ക്ക്**

**വടകര താലൂക്കിലെ ഗതാഗത പ്രശ്നം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വടകര താലൂക്കിലെ മണിയൂർ, എളമ്പിലാട് ഭാഗത്തേക്കുള്ള പൊതു ഗതാഗത സംവിധാനത്തിന്റെ കുറവ് കാരണം ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പൊതു ഗതാഗത സംവിധാനത്തിന്റെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ വടകര താലൂക്കിലെ പ്രസ്തുത പ്രദേശങ്ങളിലേയ്ക്ക് വടകര യൂണിറ്റിൽ നിന്നും 10 ട്രിപ്പുകൾ ക്രമീകരിച്ച് കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്തി വരുന്നുണ്ട്. കൂടുതൽ സർവീസുകൾ യാത്രക്കാരുടെ ലഭ്യതയും ആവശ്യകതയും അനുസരിച്ച് കെ.എസ്.ആർ.ടി.സി.യുടെ വരുമാന ലഭ്യത മുൻനിർത്തി ആരംഭിക്കുന്ന കാര്യം സാദ്ധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്. |
| (ബി) | എഞ്ചിനിയറിംഗ് കോളേജ്, ഹയർ സെക്കൻഡറി സ്കൂൾ, ആരോഗ്യകേന്ദ്രങ്ങൾ, നവോദയ വിദ്യാലയം, വിവിധ എൽ.പി., യു.പി. വിദ്യാലയങ്ങൾ എന്നിവിടങ്ങളിലേക്ക് എത്തിച്ചേരാൻ ജനങ്ങൾ പ്രയാസപ്പെടുന്ന അവസ്ഥയിൽ ഈ റൂട്ടിലേക്ക് അധികമായി കെ.എസ്.ആർ.ടി.സി. ബസ് അനുവദിക്കുമോ; വിശദമാക്കാമോ? | (ബി) | പൊതു ഗതാഗത സംവിധാനത്തിന്റെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ വടകര താലൂക്കിലെ പ്രസ്തുത പ്രദേശങ്ങളിലേയ്ക്ക് വടകര യൂണിറ്റിൽ നിന്നും 10 ട്രിപ്പുകൾ ക്രമീകരിച്ച് കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്തി വരുന്നുണ്ട്. കൂടുതൽ സർവീസുകൾ യാത്രക്കാരുടെ ലഭ്യതയും ആവശ്യകതയും അനുസരിച്ച് കെ.എസ്.ആർ.ടി.സി.യുടെ വരുമാന ലഭ്യത മുൻനിർത്തി ആരംഭിക്കുന്ന കാര്യം സാദ്ധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ